ടി.കെ ഉബൈദ്



സൂറ - 47

# മുഹമ്മദ്

مُحَمَّد

## സൂക്തം 14-15

മനുഷ്യനുൾപ്പെട്ട ഈ പ്രപഞ്ചത്തിലെ പരമാണു മുതൽ മഹാ ക്ഷീരപഥങ്ങൾ വരെയുള്ള സകല സൃഷ്ടികൾക്കും വ്യക്തമായ ജീവിത ലക്ഷ്യവും ആ ലക്ഷ്യത്തിലേക്കുള്ള വ്യവസ്ഥാപിതമായ മാർഗവും ഉണ്ടായിരിക്കെ, പ്രപഞ്ച സാകല്യത്തിനും അതിലെ ഏറ്റം ശ്രേഷ്ഠ സൃഷ്ടിയായ മനുഷ്യനും അവന്റെ ജീവിതത്തിനും ലക്ഷ്യവും മാർഗവും ഇല്ലാതിരിക്കുക എന്ന വാദത്തെ ഏതു യുക്തിചിന്തക്കാണ് സാധൂകരിക്കാനാവുക!

---

أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِۦ كَمَن زُيِّنَ لَهُۥ سُوٓءُ عَمَلِهِۦ وَٱتَّبَعُوٓاْ أَهْوَآءَهُم ﴿١٤﴾

*14*

*വിധാതാവിങ്കൽനിന്നുള്ള ന്യായപ്രമാണ പ്രകാരം ചരിക്കുന്നവൻ സ്വന്തം ദുഷ്ചെയ്തികൾ ഭൂഷണമായി കരുതുകയും ജഡികാസക്തികളെ പിന്തുടരുകയും ചെയ്യുന്നവരെപ്പോലെയാണെന്നോ?!*

| | |
|---|---|
| വിധാതാവിങ്കൽനിന്നുള്ള തെളിവിന്മേൽ ആയവൻ (ന്യായപ്രമാണ പ്രകാരം ചരിക്കുന്നവൻ) ആണെന്നോ? | أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِ |
| തന്റെ കർമദോഷം തനിക്ക് അലങ്കാരമാക്കപ്പെട്ടവനെപ്പോലെ (തന്റെ ദുഷ്ചെയ്തികൾ ഭൂഷണമായി കരുതുകയും) | كَمَن زُيِّنَ لَهُ سُوءُ عَمَلِهِ |
| അവരുടെ ജഡികാസക്തികളെ പിന്തുടർന്നവരെ (പിന്തുടരുകയും ചെയ്യുന്നവരെ)പ്പോലെയാണെന്നോ? | وَ اتَّبَعُوا أَهْوَاءَهُم |

ഭാഷയിൽ 'തെളിവ്' ആണ് بَيِّنَة. ഇതിന്റെ ബഹുവചനം **بيّنات**. ഖുർആൻ ഈ പദം ഏറെ ഉപയോഗിച്ചിട്ടുള്ളത് ന്യായപ്രമാണം, ദൃഷ്ടാന്തം എന്നീ അർഥങ്ങളിലാണ്. ഉദാ: 10:13. ഇവിടെ ഉദ്ദേശ്യം ദൃഷ്ടാന്തങ്ങളും, പ്രവാചകന്മാരിലൂടെ പ്രകാശിതമായ ദൈവിക സന്ദേശങ്ങളും -ജീവിത പ്രമാണങ്ങൾ- ആകുന്നു. ദൈവിക ദൃഷ്ടാന്തങ്ങൾ ഓരോ വ്യക്തിയുടെയും അന്തരാളത്തിലും ബാഹ്യമായ ചുറ്റുപാടുകളിലും നിറഞ്ഞുകിടക്കുന്നുണ്ട്.

ജീവിതത്തിൽ സൂക്ഷ്മതയും ജാഗ്രതയും പുലർത്തുന്നവർ അതെക്കുറിച്ച് ബോധവാന്മാരാവുകയും ചിന്തിക്കുകയും ചെയ്യും. ജീവിതത്തെക്കുറിച്ച് സൂക്ഷ്മതയും ജാഗ്രതയുമുള്ള മുത്തഖികളുടെ ഉൾബോധത്തെ സജീവവും സക്രിയവുമാക്കി നേർവഴിക്കു തിരിച്ചുവിടുന്നതിന് അല്ലാഹു ഏർപ്പെടുത്തിയ ഉപാധിയാണ് പ്രവാചകന്മാരുടെ നിയോഗം. ജീവിതാവബോധത്താൽ സ്വയം പ്രകാശിതമായ മനസ്സിന് പ്രവാചക സന്ദേശമാകുന്ന ദിവ്യ വെളിച്ചവും കൂടി ലഭിക്കുന്ന അവസ്ഥയാണ് 24:35-ൽ പറഞ്ഞ نُورعَلَى نُور -വെളിച്ചത്തോടു വെളിച്ചം. زُيِّنَ -അലങ്കാരമാക്കപ്പെട്ടു- എന്നു പറയുന്നത് ആകർഷിച്ചു, അഭിരമിച്ചു എന്ന അർഥത്തിലാണ്.

**ദൈവിക ദൃഷ്ടാന്തങ്ങൾ ഓരോ വ്യക്തിയുടെയും അന്തരാളത്തിലും ബാഹ്യമായ ചുറ്റുപാടുകളിലും നിറഞ്ഞുകിടക്കുന്നുണ്ട്. ജീവിതത്തിൽ സൂക്ഷ്മതയും ജാഗ്രതയും പുലർത്തുന്നവർ അതെക്കുറിച്ച് ബോധവാന്മാരാവുകയും ചിന്തിക്കുകയും ചെയ്യും.**

ഈ ലോകത്ത് ശിഷ്ടനായി ജീവിക്കുന്നതും ദുഷ്ടനായി ജീവിക്കുന്നതും ഒരുപോലെയാണ്. ശിഷ്ടൻ രക്ഷിക്കപ്പെടുമെന്നും ദുഷ്ടൻ ശിക്ഷിക്കപ്പെടുമെന്നുമൊക്കെ പറയുന്നതിൽ ഒരർഥവുമില്ല. ഓരോരുത്തർക്കും ഇഷ്ടമുള്ള രീതിയിൽ ജീവിക്കാം. അതൊന്നും ചോദ്യം ചെയ്യാൻ ആരുമില്ല. ശിഷ്ടരും ദുഷ്ടരുമെല്ലാം മരിച്ചുകഴിഞ്ഞാൽ ജീർണിച്ചു മണ്ണിലലിയുന്നു. പിന്നെ ഉയിർത്തെഴുന്നേൽപ്പോ വിചാരണയോ ഒന്നുമില്ല. ഇനി മരണാനന്തരം ഒരു ജീവിതം ഉണ്ടെങ്കിൽ തന്നെ ആ ജീവിതവും ഇങ്ങനെയൊക്കെ തന്നെയായിരിക്കും. ഇതൊക്കെ മൂഢവിചാരമാണെന്നും, ശിഷ്ടനും ദുഷ്ടനും 12-ാം സൂക്തത്തിൽ പ്രസ്താവിച്ച പ്രകാരം വിരുദ്ധമായ പര്യവസാനങ്ങൾ നേരിടുക പ്രകൃതിയുടെ- ദൈവിക നീതിയുടെ- അനിവാര്യതയാണെന്നും വ്യക്തമാക്കുകയാണീ സൂക്തം. കേരളക്കരയിൽനിന്ന് നേരെ പടിഞ്ഞാറോട്ട് സഞ്ചരിക്കുന്നവൻ അറബിക്കടലിലും, കിഴക്കോട്ട് നടക്കുന്നവൻ പശ്ചിമ ഘട്ടത്തിലും എത്തുക പ്രകൃതി നിയമമാണ്. രണ്ടു പേരും നേരിടുന്ന അനന്തര ഫലവും വിരുദ്ധമായിരിക്കും. ഈ രണ്ടു പേരും ഒരേ ലക്ഷ്യത്തിലാണ് എത്തിച്ചേരുക എന്നും ഒരേ ഫലമാണ് അനുഭവിക്കുക എന്നും കരുതുന്നത് യുക്തിശൂന്യമായ മൂഢതയാണ്. ഇതുപോലെ മൂഢമാണ്, തന്നിലും തനിക്കു പുറത്തും പരന്നുകിടക്കുന്ന ദൈവിക ദൃഷ്ടാന്തങ്ങൾ ഗ്രഹിക്കുകയും, അതോടൊപ്പം ആ വെളിച്ചത്തെ സക്രിയമാക്കി മാർഗദർശനം ചെയ്യുന്ന പ്രവാചകനിൽ വിശ്വസിച്ച് അദ്ദേഹം പ്രബോധനം ചെയ്യുന്ന ധർമശാസനകളനുസരിച്ച് ജീവിതം നയിക്കുന്നവരും, ജഡികാസക്തികളെ അന്ധമായി പിന്തുടർന്നു ധർമാധർമ വിവേചനമില്ലാതെ തിന്മകൾ ചെയ്തുകൂട്ടുകയും, അതുതന്നെയാണ് തങ്ങൾക്ക് ഭൂഷണമായിട്ടുള്ള ജീവിതക്രമമെന്ന് കരുതുകയും ചെയ്യുന്നവരും ഒരിക്കലും ഭൗതിക ജീവിതത്തിലും പാരത്രിക ജീവിതത്തിലും തുല്യരാകുന്നില്ല. പാരത്രിക ജീവിതത്തിൽ രണ്ടു കൂട്ടരുടെയും പരിണതി തമ്മിലുള്ള വ്യത്യാസം 12-ാം സൂക്തവും, ഭൗതിക ജീവിതത്തിന്റെ പരിണതിയിലുള്ള വ്യത്യാസം 13-ാം സൂക്തവും ചൂണ്ടിക്കാട്ടിയിരിക്കുന്നു. ദുഷ്ടരുടെയും ശിഷ്ടരുടെയും പര്യവസാനങ്ങളുടെ ഈ വ്യത്യാസം പ്രകൃതി വ്യവസ്ഥയുടെയും നൈതികതയുടെയും താൽപര്യമാണ്. ശിഷ്ടർക്കും ദുഷ്ടർക്കും ഒരേ തരത്തിലുള്ള പരിണതിയും പര്യവസാനവുമാണ് ഉണ്ടാകുന്നതെങ്കിൽ, അല്ലെങ്കിൽ ഒരു തരത്തിലുള്ള പരിണതിയും പര്യവസാനവും ഉണ്ടാകുന്നില്ലെങ്കിൽ നിയമവും വ്യവസ്ഥയുമില്ലാത്ത തികച്ചും അരാജകമായ പ്രതിഭാസമാണ് പ്രപഞ്ചം എന്നാണതിനർഥം. എന്നാൽ, പ്രപഞ്ചത്തിലെ ഓരോ പരമാണുവും കണിശമായ നിയമവും വ്യവസ്ഥയും പാലിച്ചാണ് ചരിക്കുന്നതെന്ന് നാം കാണുന്നു. മനുഷ്യജീവിതത്തിന്റെ ഭൗതിക വശവും വ്യവസ്ഥാപിതമാണ്. ഭൗതിക വശത്തിനെന്ന പോലെ ആത്മീയ-ധാർമിക വശങ്ങൾക്കും വ്യക്തമായ പാതയും പരിണതിയും ഉണ്ടായേ തീരൂ. മനുഷ്യനുൾപ്പെട്ട ഈ പ്രപഞ്ചത്തിലെ പരമാണു മുതൽ മഹാ ക്ഷീരപഥങ്ങൾ വരെയുള്ള സകല സൃഷ്ടികൾക്കും വ്യക്തമായ ജീവിത ലക്ഷ്യവും ആ ലക്ഷ്യത്തിലേക്കുള്ള വ്യവസ്ഥാപിതമായ മാർഗവും ഉണ്ടായിരിക്കെ, പ്രപഞ്ച സാകല്യത്തിനും അതിലെ ഏറ്റം ശ്രേഷ്ഠ സൃഷ്ടിയായ മനുഷ്യനും അവന്റെ ജീവിതത്തിനും ലക്ഷ്യവും മാർഗവും ഇല്ലാതിരിക്കുക എന്ന വാദത്തെ ഏതു യുക്തിചിന്തക്കാണ് സാധൂകരിക്കാനാവുക!

ഈ യുക്തിശൂന്യതയെയാണ് നാസ്തികരും പരലോക നിഷേധികളും ബഹുദൈവവാദികളും വിവിധ രീതിയിൽ പ്രതിനിധാനം ചെയ്യുന്നത്. അവർക്ക് സ്വന്തം അഭിലാഷങ്ങളും ആസക്തികളും അവയുടെ പൂരണത്തിനു വേണ്ടിയുള്ള കർമങ്ങളുമാണ് ഏറ്റം സുന്ദരവും ശ്രേഷ്ഠവുമായിട്ടുള്ളത്. അവർ വിശ്വസിക്കുക

യും അനുസരിക്കുകയും ചെയ്യുന്ന ദൈവം സ്വന്തം ആസക്തികൾ തന്നെയാണ്. അത്തരം ആളുകളെ സത്യവിശ്വാസത്തിലേക്കും ധർമച ര്യയിലേക്കും നയിക്കുക എളുപ്പമല്ല. أَرَأَيْتَ مَنِ اتَّخَذَ إِلَٰهَهُ هَوَاهُ أَفَأَنتَ تَكُونُ عَلَيْهِ وَكِيلًا (ജഡികേച്ഛ യെ ദൈവമാക്കിയവനെ കുറിച്ച് നീ ആലോ ചിച്ചുനോക്കിയിട്ടുണ്ടോ? നിനക്കു കഴിയുമോ അവൻ സന്മാർഗം സ്വീകരിക്കുന്നതിന്റെ ചുമ തലയേൽക്കാൻ? - 25:43).

സ്വന്തം അഭിനിവേശങ്ങളെ ശാസ്താവാക്കി പിന്തുടരുന്നവൻ സന്മാർഗ ഭ്രഷ്ടനാവുക എന്നത് അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയ മമാണ്; أَفَرَأَيْتَ مَنِ اتَّخَذَ إِلَٰهَهُ هَوَاهُ وَأَضَلَّهُ اللَّهُ عَلَىٰ عِلْمٍ (ജഡികേച്ഛകളെ ദൈവമാക്കിയവ നെക്കുറിച്ചാലോചിച്ചിട്ടുണ്ടോ? അല്ലാഹു അറിവിന്മേൽതന്നെ അവനെ വഴിതെറ്റിച്ചിരി ക്കുന്നു - 45:23).

അവർ ധിഷണാശാലികളും വിദ്വാന്മാരുമൊ ക്കെയായിരിക്കും. പക്ഷേ, വൈജ്ഞാനിക ശേ ഷികളൊക്കെ ഉപയോഗിക്കുന്നത് സ്വേഛകളെ മഹാദർശനങ്ങളും പ്രത്യയശാസ്ത്രങ്ങളുമായി അവതരിപ്പിക്കാനും സ്ഥാപിക്കാനുമായിരി ക്കും. മറുവശത്ത് പ്രവാചകനിൽ വിശ്വസിച്ച് സന്മാർഗം സ്വീകരിക്കുന്നവർക്ക് അല്ലാഹു ആ മാർഗം കൂടുതൽ വെളിച്ചവും തെളിച്ചവുമുള്ള താക്കിക്കൊടുക്കുന്നു. وَيَزِيدُ اللَّهُ الَّذِينَ اهْتَدَوْا هُدًى (സന്മാർഗം സ്വീകരി ക്കുന്നവർക്ക് അല്ലാഹു മാർഗം വികസിപ്പിച്ചു കൊടുക്കുന്നു - 19:76). ഭിന്ന വിരുദ്ധമായ ഈ മാർഗങ്ങളിൽ മുന്നേറുന്നവർ ഒടുവിൽ ഒരേ പരിണതിയിലും പര്യവസാനത്തിലും എത്തി ച്ചേരുക തികച്ചും അസംഭവ്യമാകുന്നു. ●

**യുക്തിശൂന്യതയെയാണ് നാസ്തികരും പരലോക നിഷേധികളും ബഹുദൈവ വാദികളും വിവിധ രീതിയിൽ പ്രതിനിധാനം ചെയ്യുന്നത്. അവർക്ക് സ്വന്തം അഭിലാഷങ്ങളും ആസക്തികളും അവയുടെ പൂരണത്തിനു വേണ്ടിയുള്ള കർമങ്ങളുമാണ് ഏറ്റം സുന്ദരവും ശ്രേഷ്ഠവുമായിട്ടുള്ളത്.**

مَّثَلُ الْجَنَّةِ الَّتِي وُعِدَ الْمُتَّقُونَ ۖ فِيهَا أَنْهَارٌ مِّن مَّاءٍ غَيْرِ آسِنٍ وَأَنْهَارٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُ وَأَنْهَارٌ
مِّنْ خَمْرٍ لَّذَّةٍ لِّلشَّارِبِينَ وَأَنْهَارٌ مِّنْ عَسَلٍ مُّصَفًّى ۖ وَلَهُمْ فِيهَا مِن كُلِّ الثَّمَرَاتِ وَمَغْفِرَةٌ مِّن رَّبِّهِمْ ۖ كَمَنْ
هُوَ خَالِدٌ فِي النَّارِ وَسُقُوا مَاءً حَمِيمًا فَقَطَّعَ أَمْعَاءَهُمْ ﴿١٥﴾

*15*

*ദൈവഭക്തന്മാർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ ഉപമ ഇതത്രെ: അതിൽ കലർപ്പറ്റ തെളിനീരൊഴുകും നദികളുണ്ട്. രുചിഭേദം വരാത്ത പാലാറുകളുണ്ട്. കുടിക്കുന്നവർക്ക് സ്വാദിഷ്ഠ മായ സുരസലിലങ്ങളുണ്ട്. സംശുദ്ധമായ സുധസലിലങ്ങളുണ്ട്. സജ്ജനങ്ങൾക്ക് അവിടെ സകല യിനം പഴങ്ങളും യഥേഷ്ടം ലഭിച്ചുകൊണ്ടിരിക്കും; വിധാതാവിങ്കൽനിന്നുള്ള പാപമോചനവും. ഈ സ്വർഗാവകാശി നരകത്തിൽ നിത്യവാസം ചെയ്യുന്നവനെപ്പോലെയാവുകയോ? നരകവാസികൾക്ക് കുടിക്കാൻ കിട്ടുന്നത് ആമാശയങ്ങളെ കീറിപ്പൊളിക്കുന്ന തപിച്ചു തിളച്ച വെള്ളമത്രെ!*

| | |
|---|---|
| ദൈവഭക്തന്മാർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ ഉപമ (ഇതത്രെ) | مَّثَلُ الْجَنَّةِ الَّتِي وُعِدَ الْمُتَّقُونَ |
| അതിൽ ഉണ്ട് | فِيهَا |
| നദികൾ | أَنْهَارٌ |
| കലർപ്പറ്റ ജലത്താൽ (തെളിനീരൊഴുകുന്ന) | مِّن مَّاءٍ غَيْرِ آسِنٍ |
| പാലിനാലുള്ള നദികളും (പാലാറുകളുമുണ്ട്) | وَأَنْهَارٌ مِّن لَّبَنٍ |
| അതിന്റെ രുചി വ്യത്യാസപ്പെട്ടിട്ടില്ല (രുചിഭേദം വരാത്ത) | لَّمْ يَتَغَيَّرْ طَعْمُهُ |

| | |
|---|---|
| മദ്യത്താലുള്ള പുഴക(സുരസലിലങ്ങ)ളുണ്ട് | وَأَنْهَارٌ مِّنْ خَمْرٍ |
| കുടിക്കുന്നവർക്ക് സ്വാദിഷ്ഠമായ | لَّذَّةٍ لِّلشَّارِبِينَ |
| സംശുദ്ധമാ(യ)ക്കപ്പെട്ട തേനിനാലുള്ള നദികളു (സുധസലിലങ്ങളുമുണ്ട്) | وَأَنْهَارٌ مِّنْ عَسَلٍ مُّصَفًّى |
| അവിടെ അവർക്കുണ്ട് (സജ്ജനങ്ങൾക്ക് യഥേഷ്ടം ലഭിച്ചുകൊണ്ടിരിക്കും) | وَلَهُمْ فِيهَا |
| സകല(യിനം) പഴങ്ങളും | مِن كُلِّ الثَّمَرَاتِ |
| അവരുടെ വിധാതാവിങ്കൽനിന്നുള്ള പാപമോചനവും | وَمَغْفِرَةٌ مِّن رَّبِّهِمْ |
| (ഈ സ്വർഗാവകാശി) നരകത്തിൽ നിത്യവാസം ചെയ്യുന്നവനെപ്പോലെ(യാവുക)യോ? | كَمَنْ هُوَ خَالِدٌ فِي النَّارِ |
| അവർ (നരകവാസികൾ) കുടിപ്പിക്കപ്പെട്ടു (കുടിക്കാൻ കിട്ടുന്നത്) | وَسُقُوا |
| തപിച്ചു തിളച്ച വെള്ളം (അത്രെ) | مَاءً حَمِيمًا |
| അപ്പോൾ അത് അവരുടെ ആമാശയങ്ങൾ കഷ്ണങ്ങളാക്കി (കീറിപ്പൊളിക്കുന്ന) | فَقَطَّعَ أَمْعَاءَهُمْ |

**പാപങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെടാത്തവർക്ക് സ്വർഗപ്രവേശം സാധ്യമാവുകയില്ല. ദൈവഭക്തരെപ്പോലെയുള്ളവരുടെ സൗഭാഗ്യങ്ങൾ തന്നെ, ദൈവത്തെ നിഷേധിക്കുകയും നിന്ദിക്കുകയും അധർമങ്ങളിലാറാടി ജീവിക്കുകയും ചെയ്തവർക്കും ലഭിക്കുകയോ? യുക്തിക്കും നീതിക്കും വിരുദ്ധമാണത്.**

മുകളിൽ പരാമർശിച്ച രണ്ടു വിഭാഗം ആളുകളുടെ പാരത്രിക ഗതികൾ തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുകയാണ്. സന്മാർഗം സ്വീകരിച്ചവർ സ്വർഗത്തിലും ദുർമാർഗം സ്വീകരിച്ചവർ നരകത്തിലും എത്തിച്ചേരുന്നു. ദൈവഭക്തരായ സന്മാർഗസ്ഥർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗീയ സൗഭാഗ്യങ്ങൾക്ക് ചില ഉദാഹരണങ്ങൾ അവതരിപ്പിക്കുകയാണ്.

ഒരു വസ്തുവിനെ മറ്റൊന്നിനോട് ഉപമിക്കുകയോ ഉദാഹരിക്കുകയോ ചെയ്യുന്നതിനർഥം രണ്ടു വസ്തുക്കളും സത്തയിലും ഗുണത്തിലും തുല്യമാണെന്നല്ല; സത്തയുടെയോ ഗുണത്തിന്റെയോ ഏതെങ്കിലും വശത്തോട് സാദൃശ്യമുണ്ടെന്നു മാത്രമാണ്. പരലോകത്തിന്റെ എല്ലാ കാര്യങ്ങളും ഭൗതിക മനുഷ്യന് അഗോചരമാണ്. അഗോചരത്തെ ഗോചരത്തോടുപമിച്ചുകൊണ്ട് ഭൗതിക മനുഷ്യന്റെ ഗ്രാഹ്യതയോട് അടുപ്പിക്കുകയാണ് ഖുർആൻ. സ്വർഗത്തിന്റെയും നരകത്തിന്റെയും ഉപമ -مثل- മാത്രമാണ് ഈ സൂക്തം വർണിക്കുന്നത്. അതിന്റെ പൂർണ രൂപം നമുക്ക് അജ്ഞേയമാണ്. فَلَا تَعْلَمُ نَفْسٌ مَّا أُخْفِيَ لَهُم مِّن قُرَّةِ أَعْيُنٍ جَزَاءً بِمَا كَانُوا يَعْمَلُونَ (അവരുടെ കർമഫലമായി അവർക്കുവേണ്ടി രഹസ്യമായി സൂക്ഷിക്കപ്പെട്ട സമ്മാനം യാതൊരാളും അറിയുന്നില്ല - 32:17). ഒരു കണ്ണും കാണാത്തതും ഒരു ചെവിയും കേൾക്കാത്തതും ഒരു മനസ്സും സങ്കൽപിക്കാത്തതുമാണ് പരലോക വിഭവങ്ങളെന്ന് നബി(സ)യും പ്രസ്താവിച്ചിട്ടുണ്ട്.

നിർമലമായ കുടിനീരിന്റെയും നറും പാലിന്റെയും ശുദ്ധമായ തേനിന്റെയും വിശിഷ്ടമായ മദ്യത്തിന്റെയും പഴവർഗങ്ങളുടെയും രസാനുഭൂതികൾ നൽകുന്ന വിഭവങ്ങൾ സ്വർഗത്തിലും, കുടിക്കുന്നവരുടെ ആമാശയം കീറിപ്പൊളിയും വണ്ണം തപിച്ചു തിളച്ച വെള്ളം നരകത്തിലും ഉണ്ടായിരിക്കും.

أَسَنَ-യുടെ കർതൃ പദമാണ് آسِن. വെള്ളത്തിന്റെ നിറമോ മണമോ രുചിയോ വ്യത്യാസപ്പെട്ടാൽ أسن الماء എന്നു പറയും. അകളങ്കമായ ഈ ജലം ശുദ്ധീകരണ പ്ലാന്റിൽ അരിച്ചെടുക്കുന്നതല്ല. പ്രകൃത്യാ പരിശുദ്ധമായ അത് നദികളായി ഒഴുകുകയാണ്. ആർക്ക്, എപ്പോൾ വേണമെങ്കിലും കുടിക്കുകയും കുളിക്കുകയും ചെയ്യാം. കാലികളുടെ അകിട്ടിൽനിന്ന് കറന്നെടുക്കുന്നതല്ല സ്വർഗീയ ക്ഷീരം. അതും നദികളായി ഒഴുകിക്കൊണ്ടിരിക്കും. ഒരിക്കലും കേടാവുകയോ രുചിവ്യത്യാസമുണ്ടാവുകയോ ഇല്ല. തേനരുവിയുടെ കാര്യവും അതു തന്നെ.

തേനിനെ പരിശുദ്ധമാക്കപ്പെട്ടത് -مُّصَفًّى- എന്നു വിശേഷിപ്പിച്ചിരിക്കുന്നു. പൂവുകളിൽനിന്ന് തേനീച്ച ശേഖരിക്കുന്ന വെറും തേൻ അതിന്റെ ഉദരത്തിന്റെ പല അറകളിലൂടെ കടന്നുവന്ന് സ്രവിക്കുന്നതാണ് ഔഷധവീര്യമുള്ള സാധാരണ തേൻ. തേനീച്ചയുടെ ഉദരത്തിലൂടെ സഞ്ചരിക്കുമ്പോഴാണ് തേനിന് ഔഷധ വീര്യമുണ്ടാകുന്നത്. അതായത്, തേനിൽ തേനീച്ച ചില ഘടകങ്ങൾ കലർത്തുന്നുണ്ട്. രോഗം അന്യമായ സ്വർഗത്തിൽ തേനിന് ഔഷധ ഗുണം ആവശ്യമില്ല. അത് തേനറകളിൽനിന്ന് ശേഖരിക്കുന്നതുമല്ല; പ്രകൃത്യാ നദികളായി ഒഴുകുകയാണ്. തേനീച്ചകളുടെ ഔഷധ മിശ്രണത്തിൽനിന്ന് മുക്തമായത് എന്ന അർഥത്തിലാണ് സർഗീയ സുധയെ مُّصَفًّى എന്നു വിശേഷിപ്പിച്ചതെന്ന് ചില വ്യാഖ്യാതാക്കൾ വിശദീകരിച്ചിരിക്കുന്നു. സ്വർഗത്തിലെ മദ്യവും, പഴങ്ങൾ പിഴിഞ്ഞും വാറ്റിയും ഉണ്ടാക്കുന്നതല്ല. പാലും തേനും പോലെ നദികളായി ഒഴുകുന്നതാണ്. ഭൂമിയിലെ മദ്യത്തിന് അരുചിയും ദുർഗന്ധവുമുണ്ടായിരിക്കും. കഴിച്ചാൽ ബുദ്ധി മന്ദിക്കും. ചിലപ്പോൾ ഉന്മത്തരായി അരുതാത്തത് പറയുകയും പ്രവർത്തിക്കുകയും അടിപിടിയുണ്ടാക്കുകയും ചെയ്യും. ചിലർക്ക് തലവേദനയും ദീർഘമായ മന്ദിപ്പും (Hangover) ഉണ്ടാകും. സ്വർഗീയ മദ്യത്തിന് ഈ ദോഷങ്ങളൊന്നുമുണ്ടാവില്ല. മദ്യപാനം നൽകുന്ന രസാനുഭൂതി മാത്രമേ അതിനുണ്ടാകൂ. 56:19-ൽ ഈ മദ്യത്തെ لَّا يُصَدَّعُونَ عَنْهَا وَلَا يُنزِفُونَ (അതു പാനം ചെയ്യുന്നവർക്ക് തല ചുറ്റുകയോ ബുദ്ധി മന്ദിക്കുകയോ ഇല്ല) എന്നു വർണിച്ചിരിക്കുന്നു.

ഇപ്പറഞ്ഞ വിഭവങ്ങൾക്കെല്ലാം ഉപരിയാണ് നാഥങ്കൽനിന്നുള്ള പാപമോചനം. ഒരർഥത്തിൽ മേൽപറഞ്ഞ സൗഭാഗ്യങ്ങൾക്കെല്ലാം കാരണം അല്ലാഹു അവരുടെ തെറ്റുകുറ്റങ്ങൾ മാപ്പാക്കി പാപങ്ങൾ പരിഹരിച്ചു ശുദ്ധീകരിച്ചതാണ്. പാപങ്ങളിൽനിന്ന് ശുദ്ധീകരിക്കപ്പെടാത്തവർക്ക് സ്വർഗപ്രവേശം സാധ്യമാവുകയില്ല. ദൈവഭക്തരെപ്പോലെയുള്ളവരുടെ സൗഭാഗ്യങ്ങൾ തന്നെ, ദൈവത്തെ നിഷേധിക്കുകയും നിന്ദിക്കുകയും അധർമങ്ങളിലാറാടി ജീവിക്കുകയും ചെയ്തവർക്കും ലഭിക്കുകയോ? യുക്തിക്കും നീതിക്കും വിരുദ്ധമാണത്. അത്തരക്കാർക്കുള്ളത് ഒരിക്കലും മോചനമില്ലാത്ത ശാശ്വത നരകമാണ്. തെളിനീരിനും നറുംപാലിനും മദ്യത്തിനും തേനിനും പകരം അവർക്കവിടെ ലഭിക്കുന്നത് അവരെ നക്കിയെടുക്കുന്ന തീജ്വാലകളും കരളുരുക്കുന്ന തപിച്ചു തിളച്ച മലിന ജലവുമായിരിക്കും. ●

**പരലോകത്തിന്റെ എല്ലാ കാര്യങ്ങളും ഭൗതിക മനുഷ്യന് അഗോചരമാണ്. അഗോചരത്തെ ഗോചരത്തോടുപമിച്ചുകൊണ്ട് ഭൗതിക മനുഷ്യന്റെ ഗ്രാഹ്യതയോട് അടുപ്പിക്കുകയാണ് ഖുർആൻ.**